**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1884** **09-12-2022 - ൽ മറുപടിയ്ക്ക്**

**കൊയ്ത്ത് യന്ത്രങ്ങൾ മിതമായ നിരക്കിൽ നൽകുന്ന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | നെൽകർഷകർക്ക് ഇടനിലക്കാരുടെ സഹായമില്ലാതെ കൊയ്ത്ത് യന്ത്രങ്ങൾ മിതമായ നിരക്കിൽ ലഭ്യമാക്കുന്നതിന് അനുയോജ്യമായ പദ്ധതി ആവിഷ്കരിക്കുമോയെന്ന് വിശദമാക്കാമോ; | (എ) | കൃഷി വകുപ്പിന്റെ കീഴിൽ കണ്ണൂർ, പാലക്കാട്, മലപ്പുറം, കോട്ടയം, കൊല്ലം, തിരുവനന്തപുരം,, വയനാട്, കാസർഗോഡ്, കോഴിക്കോട്, തൃശ്ശൂർ ജില്ലകളിൽ പ്രവർത്തിക്കുന്ന കസ്റ്റം ഹയറിങ് സെന്ററുകൾ മുഖേന കൊയ്ത്തു യന്ത്രങ്ങൾ മിതമായ നിരക്കിൽ കർഷകർക്ക് നൽകി വരുന്നുണ്ട്. കൂടാതെ കൊയ്ത്തു യന്ത്രങ്ങളുടെ കുറവ് പരിഹരിക്കുന്നതിനായി കേന്ദ്രാവിഷ്കൃത പദ്ധതിയായ കാർഷിക യന്ത്രവത്കരണ ഉപ ദൗത്യം (SMAM) മുഖേന സബ്സിഡി നിരക്കിൽ കർഷകർക്ക് കൊയ്ത്തു യന്ത്രങ്ങൾ നൽകി വരുന്നുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ തനത് ഫണ്ട് ഉപയോഗിച്ച് കൊയ്ത്ത് യന്ത്രങ്ങൾ വാങ്ങുന്ന സംവിധാനവും നിലവിലുണ്ട്. |
| (ബി) | കൊയ്ത്ത് യന്ത്രങ്ങൾ കർഷകന് വകുപ്പ് മുഖേന മിതമായ നിരക്കിൽ നൽകുന്ന പദ്ധതി നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ബി) | കൊയ്ത്തുയന്ത്രങ്ങൾ കർഷകനും പാടശേഖര സമിതിക്കും സബ്സിഡി നിരക്കിൽ വാങ്ങുന്നതിന് Sub-Mission on Agricultural Mechanization (SMAM) പദ്ധതി നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ